

# ST PIUS X TH CUPS VARANDARAPPILLY

## Master Plan

## 2025- 2026

# സമഗ്ര ഗുണമേന്മവിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് സമീപകാലത്ത് ഉണ്ടായിരിക്കുന്ന പുരോഗമനാത്മകമായ മാറ്റങ്ങൾ സർവ്വാത്മനാ ഉൾക്കൊള്ളാനും പ്രാവർത്തികമാക്കാനും നിരന്തരം പ്രയത്നിക്കുകയാണ് സെന്റ് പയസ് വിദ്യാലയം കുട്ടി ആർജിക്കേണ്ട പഠന ലക്ഷ്യങ്ങൾ അത് ക്ലാസ്സിൽ നേടിയെന്ന് ഉറപ്പുവരുത്തിക്കൊണ്ട് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കി നടപ്പാക്കിക്കൊണ്ട് അക്കാദമിക മാസ്റ്റർ പ്ലാൻ ക്രിയാത്മകമായ ആസൂത്രണം ചെയ്യുന്നതിന് വികസന സമിതി രൂപീകരിക്കുകയും നിരവധി മീറ്റിങ്ങുകളും ചർച്ചകളും നടത്തുകയും ചെയ്തു. അക്കാദമിക മികവിന് ഊന്നൽ നൽകിക്കൊണ്ട് അതിലേക്ക് നയിക്കുന്ന വിധത്തിൽ ഭൗതികവും സാമൂഹികവുമായ വികസന പദ്ധതികൾക്കും രൂപം നൽകാനാണ് ഞങ്ങളുടെ പരിശ്രമം ഇതിനായി അധ്യാപകർ രക്ഷിതാക്കൾ പൂർവ്വി വിദ്യാർത്ഥി സംഘടനകൾ പ്രാദേശിക ഭരണകൂടം എന്നിങ്ങനെ വിദ്യാലയം ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ എല്ലാ തുറകളിൽ നിന്നുമുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ക്രോഡീകരിക്കുകയും ചെയ്തു.നിരവധി ചിന്താ ധാരകളിലൂടെ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളെ ദീർഘകാല പദവിയായി രൂപപ്പെടുത്തി തുടർന്ന് അത് നടപ്പിലാക്കുന്നതിനായി പ്രവർത്തനങ്ങളും ഘട്ടങ്ങളും ആസൂത്രണം ചെയ്തു.

**2.ലക്ഷ്യങ്ങൾ**

1. ജനാധിപത്യ രീതിയിൽ അയവുള്ളതും കൂടുതൽ സാമൂഹ്യപിന്തുണ ഉറപ്പുവരുത്തുന്നതുമായ വിദ്യാലയ അന്തരീക്ഷം സംജാതമാക്കുക.

2. പ്രൈമറി അപ്പർ പ്രൈമറിതലം വരെ വിദ്യാർഥികൾ നേടേണ്ട പാഠിയ പാഠിയതശേഷം ഈ വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിയും കൈവരിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക..
3. വിദ്യാർത്ഥികളിൽ നിർദ്ദിഷ്ടശേഷികൾ നേടുന്നതിന് തടസ്സമായി നിൽക്കുന്ന( സാമ്പത്തികം, ഭവനാന്തരീക്ഷം, സാമൂഹ്യ ചുറ്റുപാടുകൾ) എന്നിവ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ രൂപീകരിക്കുക.
4. അടിസ്ഥാന ഗണിത ആശയങ്ങൾ, ഇംഗ്ലീഷ്, മലയാളം-ആശയവിനിമയശേഷി എന്നിവയിൽ കൂടുതൽ മികവിൽ എത്തിച്ചേരുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
5. വിദ്യാർത്ഥികളിലെ നൈസർഗ്ഗികവും കലാപരവും സർഗ്ഗാത്മകവും കായികപരവുമായ കഴിവുകളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
6. സമകാലീന - സാമൂഹ്യമാധ്യമങ്ങളിലൂടെ വിദ്യാലയത്തിന്റെ നേട്ടങ്ങൾ സമൂഹത്തിൽ എത്തിക്കുകയും അതുവഴി വിദ്യാലയനേട്ടങ്ങൾ നാടിന്റെ കൂടി നേട്ടങ്ങൾ ആക്കി മാറ്റുകയും ചെയ്യുക.
7. വിദ്യാലയ വികസനത്തിനായി SSG, OSA, SRG തുടങ്ങിയവരുടെ സാമ്പത്തികവും മാനസികവുമായ പിന്തുണ ഉറപ്പുവരുത്തുക.
8. പി.ടി.എ കാര്യക്ഷമമാക്കുക.
9. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
10. പ്ലാസ്റ്റിക് മുക്ത, കീടനാശിനിമുക്ത വിദ്യാലയന്തരീക്ഷം ഉറപ്പാക്കുക.
11. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി അവരെ മുഖ്യധാരയിലെത്തിക്കുക.
12. സ്കൂൾ വായനശാല ആധുനികവൽക്കരിക്കുക.

## 3. ചരിത്രം

പുലർകാലങ്ങളിൽ തേക്കു പാട്ടിന്റെ ഈണങ്ങളും മുളങ്കാടിന്റെ സംഗീതവും കേട്ടുണരുന്ന ഒരു സാധാരണ നാട്ടിൻപുറം ആയിരുന്നു വേലൂപ്പാടം. മലയും പുഴയും കാവൽ നിൽക്കുന്ന നാട്.... സാക്ഷരതയിലോ സാഹചര്യങ്ങളിലും കൃത്രിമ പകിട്ടുകളില്ലാത്ത

സാധാരണ പുരോഗതി പോലും അവകാശപ്പെടാൻ ഇല്ലാത്ത കുഗ്രാമമായിരുന്നു. വർഷങ്ങൾക്കു മുമ്പ് ഈ പ്രദേശം ആമ്പല്ലൂർ പാലപ്പിള്ളി പ്രധാനപാത അന്ന് പി.എസ്. എസ് സ്വാമിയുടെ രണ്ടോ മൂന്നോ ബസ്സുകൾ മാത്രമോടുന്ന നിരത്തായിരുന്നു.

കാലയളവിൽ നിലവിൽ വന്നുവെന്ന് അനുമാനിക്കപ്പെടുന്ന വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ ഭാഗമാണ് വേലൂപ്പാടം എന്ന സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശം. പഞ്ചായത്ത് നിലവിൽ വന്ന് പിന്നെയും വർഷങ്ങൾക്കുശേഷം 1956 ജൂൺ 4ന് ആയിരുന്നു വേലൂപ്പാടം സെന്റ് പയസിന്റെ നാമധേയത്തിലുള്ള സ്കൂളിന്റെ പിറവി. വേലൂപ്പാടം എന്ന പേര് അന്ന് നാടിന്റെ ദേശ ഭൂപടത്തിൽ ഉണ്ടായിരുന്നില്ല . അതുകൊണ്ട് സ്കൂളും അതിനോട് ചേർന്നുള്ള കോൺവെന്റും വരന്തരപ്പിള്ളി എന്ന മേൽവിലാസത്തിലാണ് രൂപപ്പെട്ടത്. വേലൂപ്പാടം എന്ന പ്രദേശത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നതെങ്കിലും ഇന്നും സെന്റ് പയസ് Xth സി. യു. പി. എസ്. വരന്തരപ്പിള്ളി എന്നാണ് സ്കൂളിന്റെ പേര്.

## 4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

ഒരു നാടിന്റെ വികസന പാതയിൽ ചൂടും ചോരയും ആത്മാവുമായി നിലകൊള്ളുന്നത് അവിടുത്തെ വിദ്യാലയമാണ്. ജീവിതത്തിന്റെ എല്ലാ തുറകളിലും വിജയം വരിക്കാൻ ഉതകുന്ന വിധത്തിൽ പുതിയ തലമുറയിൽ മികവുറ്റ വ്യക്തിത്വത്തിന്റെ അടിത്തറ പാകുന്നതും ഇത്തരത്തിൽ സമൂഹത്തിന്റെ പുരോഗതിക്ക് അടിസ്ഥാനമിടുന്നതും വിദ്യാലയമാണ് അതുകൊണ്ടുതന്നെ വിദ്യാലയവികസനപദ്ധതി രൂപീകരിക്കേണ്ടതും കാലാകാലങ്ങളിൽ പരിഷ്കരിച്ച് അതിനെ ആധുനികരിക്കേണ്ടതും ഈ സമൂഹത്തിന്റെ ആവശ്യമാണ്.

സമ്പൂർണ്ണ സാക്ഷരത കൈവരിച്ച കേരളത്തിന്റെ വികസന വഴിയുടെ നട്ടെല്ലായിരുന്നു ഒരു കാലഘട്ടത്തിൽ പൊതു വിദ്യാഭ്യാസ മേഖല. എന്നാൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമൂഹത്തിൽ അവഗണിക്കപ്പെടുകയും പലതും അടച്ചു പൂട്ടുകയും ചെയ്യേണ്ടിവന്നു. ഈ സാഹചര്യങ്ങളിlellam ല്ലാം കുട്ടികളുടെ എണ്ണം കുറയാതെയും കൂടുതൽ മികവുറ്റ് പ്രവർത്തനങ്ങൾ കാഴ്ചവെച്ചുകൊണ്ടും പിടിച്ചുനിൽക്കാനും ജനശ്രദ്ധയെ ആകർഷിക്കാനും ഞങ്ങളുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

തോട്ടം തൊഴിലാളികളുടെ കുടുംബങ്ങളിൽ നിന്നുള്ളവരും ആദിവാസി മേഖലയിൽ നിന്നുള്ളവരും പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരും ആണ് വിദ്യാലയത്തിലെത്തുന്ന ഭൂരിഭാഗം വിദ്യാർഥികളും, സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്നവരും പിന്തള്ളപ്പെട്ടുപോയവരുമാ യ ഒരു സമൂഹത്തിന്റെ പ്രതിനിധികളാണവർ ആയതിനാൽ ഈ വിദ്യാർത്ഥികൾക്ക് 100% ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകാൻ കഴിയുന്നവിധത്തിലാണ് വിദ്യാലയപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകേണ്ടത് അത്യന്താപേക്ഷിതമാണ്. അതുവഴി മാത്രമേ ഈ നാട്ടിലെ പാവപ്പെട്ടവരായ ജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് വിദ്യാലയത്തെ ഇപ്പോഴുള്ളതിന്റെ മൂന്നിരട്ടി മികവ് നേടാൻ സാധിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ആണ് ആസൂത്രണം ചെയ്തത്.

ഇതിനായി P. T. A, SSG, SRG, OSA പ്രാദേശികഭരണകൂടം, സമൂഹം, മാനേജ്മെന്റ് എന്നിവരുടെ പിന്തുണ ഉറപ്പുവരുത്താനായി നിരവധി മീറ്റിംഗുകളും ചർച്ചകളും നടത്തുകയും എല്ലാ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ക്രോഡീകരിക്കുകയും ചെയ്തു.ഭവനസന്ദർശനങ്ങൾ വഴി നാട്ടുകാരുടെ പൂർണ്ണ പിന്തുണ നേടിയെടുക്കാൻ ഞങ്ങൾക്ക് സാധിച്ചു. വിദ്യാലയവുമായി ബന്ധപ്പെട്ട എല്ലാവരിലും ഒരു പുത്തനുണർവ്വ് സംജാതമാക്കാനും അതിനായി ഒറ്റക്കെട്ടായി മുന്നോട്ടുനീങ്ങാനും ഈ ഗവൺമെന്റിന്റെ പൊതു വിദ്യാഭ്യാസശാക്തീകരണപദ്ധതിയുടെ ആശയങ്ങൾ വഴിതെളിച്ചിട്ടുണ്ട് എന്നുള്ളത് നിസ്തർക്കമാണ്.

വ്യത്യസ്തമായ സാമൂഹ്യസാമ്പത്തിക പശ്ചാത്തലമുള്ള വ്യത്യസ്തമായ ശാരീരകവും മാനസികവും ഭൗതികവുമായ കഴിവുകളെ കുട്ടികളെ കൂടുതൽ അടുത്തു മനസ്സിലാക്കാനും പരിഗണിക്കാനും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കാനുമാണ് പരിശ്രമിച്ചത്. ഇതിന്റെ ഭാഗമായി സ്കൂളിലെ എല്ലാ കുട്ടികളുടെയും വീടുകൾ ആദ്യ ടേമിൽ തന്നെ ക്ലാസ്സ് ടീച്ചേഴ്സ് സന്ദർശിക്കുകയും രക്ഷിതാക്കളുമായി നിരന്തരസമ്പർക്കം പുലർത്തുകയും ചെയ്തു. തുടർന്ന് കുട്ടികളെ കുറിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കി. ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. ഭാഷ,ഗണിതം തുടങ്ങിയ വിഷയങ്ങളിൽ അടിസ്ഥാന വസ്തുതകൾ പോലും അറിയാത്ത കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി അവരെ

മുന്നോട്ടുകൊണ്ടുവരിക, കലാകായിക പ്രവർത്തി പരിചയ മേഖലകളിൽ മികവുറ്റ പരിശീലനം വഴി മികച്ച നേട്ടങ്ങൾ കരസ്ഥമാക്കുക മുതലായവയായിരുന്നു പ്രധാന പ്രവർത്തനങ്ങൾ.

## 5. പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

- സ്റ്റാഫ് മീറ്റിംഗ് നടത്തി വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥ വിശകലനം നടത്തി
- എസ്.ആർ.ജി യോഗം വിളിച്ചുചേർത്ത് സമഗ്ര വികസന കാഴ്ചപ്പാട് ചർച്ച. ചർച്ചയിൽ ഉരുതിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി ദർശനരേഖ തയ്യാറാക്കുന്നു
- വിദ്യാലയവികസന - പദ്ധതി രൂപീകരണശില്പശാല സംഘടിപ്പിച്ചു
- ശിൽപ്പശാലയിൽ സമഗ്ര വികസന നിർദ്ദേശങ്ങളുടെ കരട് രൂപരേഖ അവതരണം ചർച്ച
- വിവിധ വിദ്യാലയങ്ങളുടെ മികവുകൾ - വീഡിയോ ഡോക്യുമെന്റേഷൻ - അവതരണം
- ഗ്രൂപ്പ് തിരിഞ്ഞ് നിശ്ചിത ഫോർമാറ്റിൽ പദ്ധതിയുടെ കരട് മെച്ചപ്പെടുത്തി എഴുതുന്നു
- പൊതുവായ അവതരണം - കൂട്ടിച്ചേർക്കലുകൾ
- ക്രോഡീകരണം നടത്തി പദ്ധതിയുടെ അന്തിമരേഖ തയ്യാറാക്കൽ
- നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനായി സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തൽ
- പദ്ധതിയുടെ നേതൃത്വം ചുമതല വിഭജന
- മോണിറ്ററിംഗിനായി ടീച്ചേഴ്സ്,പി.ടി.എ മെമ്പേഴ്സ് എന്നിവരെ ചുമതലപ്പെടുത്തൽ

## 6. നിലവിലെ അവസ്ഥാ വിശകലനം ഭൗതികം അക്കാദമികം പരിമിതികൾ നേട്ടങ്ങൾ

| മേഖല | നേട്ടങ്ങൾ | പരിമിതികൾ |
|---|---|---|
| അക്കാദമികം | • വിദ്യാർത്ഥികൾ താരതമ്യേന നല്ല നിലവാരം പുലർത്തുന്നു<br>• വിവിധ ഭാഷാ | • കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ താൽപര്യക്കുറവ്<br>• സമൂഹത്തിലെ കുറഞ്ഞ |

| | | |
|---|---|---|
| | അസംബ്ലി<br>• സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ<br>• അക്ഷര പെരുമ ക്ലാസുകൾ<br>• ഒന്നു മുതൽ ഏഴ് വരെയുള്ള കുട്ടികളുടെ റേഡിയോ പ്രോഗ്രാം<br>• ബ്രീത്തിങ് എക്സൈസെസ്<br>• യോഗ ക്ലാസുകൾ<br>• സാമൂഹ്യ ശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾ<br>• സയൻസ് ക്ലബ് പ്രവർത്തനങ്ങൾ<br>• കമ്പ്യൂട്ടർ ക്ലാസുകൾ<br>• വിദ്യാരംഗം സാഹിത്യ വേദി<br>• തനതുപ്രവർത്തന<br>• ഗണിത വർക്ക് ഷോപ്പുകൾ<br>• സജീവമായ ക്ലാസ് പിടിഎ<br>• ലൈബ്രറി | വിദ്യാഭ്യാസ നിലവാരം<br>• ദരിദ്രരായ വിദ്യാർത്ഥികളും പരിമിതമായ പഠന സാഹചര്യങ്ങൾ |
| ഭൗതീകം | • വലിപ്പമുള്ളത് അടച്ചിറപ്പുള്ളതും വായു സഞ്ചാരമുള്ളതുമായ ക്ലാസ് മുറികൾ<br>• ഭൂരിഭാഗം ക്ലാസ് മുറികളിലും കമ്പ്യൂട്ടറുകൾ<br>• കറന്റ്, വെള്ളം മുതലായവയുടെ ലഭ്യത<br>• ആവശ്യമായ കളിസ്ഥലം<br>• ജൈവകൃഷിക്ക് ആവശ്യമായ സ്ഥലം | • യാത്ര സൗകര്യങ്ങളുടെ അഭാവം<br>• ക്ലാസ് മുറിയിൽ എൽസിഡി പ്രൊജക്ടറിന്റെ അഭാവം<br>• ഇന്റർനെറ്റ് സൗകര്യത്തിന് കുറവ് |

| | | |
|---|---|---|
| | • വിദ്യാലയ മുറ്റത്ത് മരങ്ങളും തണലും<br>• സൗകര്യപ്രദവും വൃത്തിയുള്ളതുമായ അടുക്കള<br>• ഡൈനിംഗ് ഹാൾ<br>• മൾട്ടിമീഡിയ റൂം<br>• സയൻസ് ലാബ് | |
| സാമൂഹികം | • ശക്തമായ പിടിഎ<br>• ഫേസ്ബുക്ക്, ബ്ലോഗ്<br>• ബ്ലൂകളുടെ സഹകരണം<br>• പൂർവ വിദ്യാർത്ഥി സംഘടന<br>• യൂട്യൂബ് ചാനൽ<br>• വിക്കിപീഡിയ<br>• ഗ്രാമസഭ | • സാമ്പത്തികമായി പരിമിതമായ സാഹചര്യം |

## 7. മികവിന് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

- സയൻസ് ക്ലബ്ബിന് നേതൃത്വത്തിൽ ശാസ്ത്ര വാർത്താ പത്രിക തയ്യാറാക്കൽ
- വൈസ് ലൈബ്രറി പുസ്തകങ്ങൾ വായനാക്കുറിപ്പ് മത്സരം
- കുട്ടികളുടെ റേഡിയോ പ്രോഗ്രാം(daily) കൂടുതൽ മികവുറ്റതാക്കുക
- കുട്ടികളുടെ ഭാഷ ആശയവിനിമശേഷി വളർത്തുന്ന പ്രത്യേക ക്ലാസുകൾ( മലയാള തിളക്കം ഹലോ ഇംഗ്ലീഷ്)
- ക്ലാസ് പിടിഎ സജീവമാക്കൽ
- സ്കൂൾ മാഗസിൻ പ്രസിദ്ധീകരണം

- പ്രാദേശിക വിജയം വരിച്ച വിദ്യാർത്ഥികളുമായി പ്രത്യേക അഭിമുഖം
- ചിൽഡ്രൻസ് പാർക്ക് നവീകരണം
- ഓപ്പൺ ലൈബ്രറി ആരംഭം
- എൽസിഡി പ്രൊജക്ടർ കൂടുതൽ ലഭ്യമാക്കൽ
- വർക്ക് എക്സ്പീരിയൻസ് മികവുറ്റ പരിശീലനം
- ഭവന സന്ദർശനം
- വിദ്യാർഥികൾക്ക് കൗൺസിലിംഗ്
- യോഗ ക്ലാസുകൾ ,എയ്റോബിക്സ്
- മികച്ച കായിക പരിശീലനം

## LP STD - 1

| ലക്ഷ്യം | പ്രവർത്തനം | വിശദീകരണം | കാലയളവ് |
|---|---|---|---|
| ലക്ഷ്യം - 1<br>വായിച്ചതോ കേട്ടതോ ആയ കഥകൾ മറ്റുള്ളവരുടെ മുമ്പാകെ ആസ്വാദ്യമായി അവതരിപ്പിക്കുന്നതിന് കഴിവ് നേടുന്നു. | ഞാൻ കേട്ട കഥ കൾ | • കുട്ടികൾക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം നൽകുന്നു.<br>• കഥാപുസ്തകങ്ങൾ നൽകുന്നു.<br>• കുട്ടി കണ്ട കഥ പറയാൻ അവസരം നൽകുന്നു. | ജൂൺ - സെപ്റ്റംബർ |
| | ചിത്രവായന | • ചിത്ര കാർഡുകൾ നൽകുന്നു.<br>• ചിത്രങ്ങൾ നോക്കി കുട്ടികൾ സ്വന്തം ഭാഷയിൽ കഥ പറയുന്നു | ഒക്ടോബർ-ഡിസംബർ |
| ലക്ഷ്യം - 2<br>ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വന്തമായി എഴുതുവാനും വായിക്കുവാനും കഴിവുള്ളവരാക്കുക. | വായന ചങ്ങാത്തം | •വായനാ കാർഡ് നൽകുന്നു.<br>•ആവർത്തിച്ചുവരുന്ന വാക്കുകൾക്ക് ഒരേ നിറങ്ങൾ നൽകുന്നു.<br>•അക്ഷരപ്പാട്ടുകൾ നൽകുന്നു വരികൾ കൂട്ടിച്ചേർക്കുന്നു. | സെപ്റ്റംബർ - ഡിസംബർ |
| | എഴുത്തോല | •ടേബിൾ പാച്ചിൽ<br>•ലഘുവിവരണങ്ങൾ കുട്ടികൾ സ്വന്തമായി<br>തയ്യാറാക്കുന്നു. | ജനുവരി - മാർച്ച് |
| ലക്ഷ്യം - 3<br>കഥയിലെ കഥാപാത്രങ്ങളുടെ അനുഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള സാങ്കല്പിക ഡയറി തയ്യാറാക്കുന്നു. | സാങ്കല്പിക ഡയറി എഴുതാം. | • മാതൃക കഥകൾ വായിച്ചു കേൾക്കുന്നു.<br>• കഥകൾ പറയാൻ അവസരം നൽകുന്നു.<br>• കേട്ട കഥയിലെ കഥാപാത്രത്തിന്റെ ചിന്തകൾ പങ്കുവയ്ക്കുന്നു.<br>•കഥാപാത്രത്തിന്റെ ഡയറിക്കുറിപ്പ് സങ്കല്പിച്ച് എഴുതുന്നു. | ജനുവരി - മാർച്ച് |
| ലക്ഷ്യം - 1<br>കൂട്ടങ്ങളെ വ്യത്യസ്ത രീതിയിൽ ക്രമീകരിക്കാനും പറയാനും കഴിയുക. | എണ്ണാം ക്രമീകരിക്കാം | • ഗണിത കിറ്റ് നൽകുന്നു.<br>• വലിയ കൂട്ടം, ചെറിയ കൂട്ടം,തുല്യമായവ എന്നിവ കണ്ടെത്തി പറയുന്നു, രേഖപ്പെടുത്തുന്നു. | ജൂൺ - ആഗസ്റ്റ് |

| | | | |
|---|---|---|---|
| ലക്ഷ്യം - 2<br>നിത്യജീവിതവുമായി ബന്ധപ്പെട്ട് 1 മുതൽ 20 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുക. പ്രശ്നങ്ങൾ പരിഹരിക്കുക. | കൂട്ടുകാരെ കണ്ടെത്താം | • ഉല്ലാസ ഗണിത കിറ്റിലെ പഠനസാമഗ്രികൾ പ്രയോജനപ്പെടുത്തുന്നു. (ഗെയിംബോർഡ്, ടോക്കൺ)<br>• വലിയ കൂട്ടത്തെ ചെറിയ കൂട്ടങ്ങളാക്കുന്നു | സെപ്റ്റംബർ - ഡിസംബർ |
| | കൂട്ടിയും കുറച്ചും | • രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ പ്രയോഗിക്കുന്നു.<br>• ടെൻ ഫ്രെയിം പ്രയോജനപ്പെടുത്തുന്നു. | ജനുവരി - മാർച്ച് |
| AIM - 1<br>Describe familiar objects orally stating physical atributes. | Let's speak | • Plays the audio of Stories and Conversations.<br>• Give opportunity to Express their idea about objects.<br>•Hello english activities. | June - August |
| AIM - 2<br>Write description, dialogues related to specific context using structured or fragmentary expressions. | word park | •Discussion<br>•Add their own lines to a given conversations meaning fully.<br>•picture reading<br>•Complete the descriptions in Simple words. | July - September |

## LP STD -2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദീകരണം | കാലം |
|---|---|---|---|
| ലക്ഷ്യം :1<br>✤ കുട്ടികളുടെ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദിയൊരുക്കുക | പാട്ടരങ്ങ് | ✤ കവിത ഒറ്റയ്ക്കും സംഘമായും ചൊല്ലുന്നു.<br>✤ കവിതയിൽ ഒരേ ഉച്ചാരണത്തിൽ അവസാനിക്കുന്ന പദങ്ങളെ കണ്ടെത്തുന്നു. | ജൂൺ |
| ലക്ഷ്യം :2<br>✤ രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | കഥ ഊഹിച്ചു പറയുന്നു | ✤ ചിത്ര വായന<br>✤ കഥ ഊഹിച്ചു പറയൽ<br>✤ കഥാപാത്രങ്ങളെ വരയ്ക്കാം<br>✤ ചിത്രകാർഡ് നിർമ്മാണം (ചിത്രവും പദങ്ങളും ഉൾക്കൊണ്ടത് )<br>✤ അധ്യാപിക ചിത്രകാർഡ് / വീഡിയോ / ചിത്രം പ്രദർശിപ്പിക്കുന്നു. കുട്ടികൾ നിരീക്ഷിച്ചു സ്വന്തം ഭാഷയിൽ കഥ വികസിപ്പിക്കുന്നു.<br>✤ ലഘു നാടകം | ജൂലൈ - സെപ്റ്റംബർ |
| ലക്ഷ്യം : 3<br>✤ ഭാഷണത്തിനുള്ള പൊതുവേദി ഒരുക്കൽ | പുസ്തകങ്ങളെ പരിചയപ്പെടാം | ✤ കുട്ടികളുടെ പുസ്തക പരിചയം പരിപാടി<br>✤ ഭാഷണത്തിലും വായനയിലും കുട്ടി എത്തി നിൽക്കുന്ന തലം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു<br>✤ വായിച്ച കഥയെ സംഭാഷണമാക്കൽ<br>✤ സന്ദർഭോചിതമായ അവതരണം<br>✤ ക്ലാസ്സ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>✤ വീട്ടിലെ ലൈബ്രറി എന്ന ആശയ സാക്ഷാത്കരിക്കാനുള്ള പ്രവർത്തനങ്ങൾ | ഒക്ടോബർ - ഡിസംബർ |
| ലക്ഷ്യം :4<br>✤ വർഷവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗത മാഗസിനുകൾ തയാറാക്കുകയും ചെയ്യുന്നതിനെ കുട്ടികളെ പ്രാപ്തരാക്കുക. | വിവരിക്കാം | ✤ വായനയിലൂടെ കഥാപാത്രങ്ങളെ ചിത്രീകരിച്ചു വ്യത്യസ്ത വ്യവഹാര രൂപങ്ങളാക്കൽ<br>✤ കഥാപൂരണം<br>✤ അറിയിപ്പ്<br>✤ സംഭാഷണം<br>✤ കാർട്ടൂൺ<br>✤ ചിത്രവിവരണം<br>✤ ആസ്വാദനക്കുറിപ്പ് | ജനുവരി - മാർച്ച് |

| LP STD - 3 | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദീകരണം | കാലം |
| ലക്ഷ്യം - 1<br>ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു. | ചുറ്റുപാടുകളിൽ നിന്ന് രൂപങ്ങളെ കണ്ടെത്തുന്നു. (പ്രകൃതി നടത്തം ) | ☆ പ്രകൃതി നടത്തത്തിലൂടെ കുട്ടി നിരീക്ഷിച്ച രൂപങ്ങളെ തരംതിരിക്കുന്നു.<br><br>☆ ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു ജ്യാമിതീയ ചിത്രങ്ങൾ വരയ്ക്കുന്നു. | ജൂൺ |
| ലക്ഷ്യം - 2<br>പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ, അവസരം ഒരുക്കൽ. | കച്ചവടക്കട ക്ലാസിൽ ഒരുക്കുന്നു. | ☆ കച്ചവടക്കട ക്ലാസിൽ രൂപീകരിക്കുന്നു.<br>☆ പ്രായോഗിക പ്രശ്നങ്ങളുടെ അവതരണം.<br>☆ത്രാസ്, അളവ് പാത്രങ്ങളും മറ്റും ക്രമീകരിക്കുന്നു.<br>☆കളിനോട്ട് ഉപയോഗപ്പെടുത്തുന്നു | സെപ്റ്റംബർ - ജനുവരി |
| ലക്ഷ്യം - 3<br>പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | പ്രകൃതി നടത്തം | ☆ സസ്യങ്ങളുടെ പേരു വിവരങ്ങൾ ശേഖരിച്ച് അത്തരം സസ്യങ്ങളെ ചേർത്ത് ഗ്രീൻ കാർഡ് തയ്യാറാക്കുന്നു.<br>☆ ആവാസ വ്യവസ്ഥ ജീവജാലങ്ങളെ നിരീക്ഷിക്കൽ എന്നിവ നടത്തുന്നു. | ഒക്ടോബർ |

| LP STD - 4 | | | |
|---|---|---|---|
| പഠനനേട്ടം | പ്രവർത്തനങ്ങൾ | വിശദീകരണം | കാലയളവ് |
| അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും ആശയ വ്യക്തതയോടെയും ഉള്ള വായന | വായിക്കാം, എഴുതാം, ആശയം പറയാം | ✐ കൂട്ടുകാർക്കും മുന്നിൽ ഉച്ചത്തോടെയുള്ള വായന<br>✐ വായന കാർഡ് നൽകുന്നു<br>✐ കുട്ടി രക്ഷിതാക്കൾക്ക് വായന കാർഡ് വായിച്ചു കേൾപ്പിക്കുന്നു | ജൂൺ |
| കവിത, കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞു എഴുതിയും അവതരിപ്പിക്കുന്നു | കഥ കണ്ട് എഴുതാം | ✐ കുട്ടിക്ക് IT ഉപയോഗിച്ച് കഥ കാണാൻ അവസരം<br>✐ കുട്ടി കണ്ട കഥ സ്വന്തം എഴുതാൻ അവസരം<br>✐ കഥ സ്വന്തം എഴുതൽ | ജൂലൈ - ആഗസ്റ്റ് |
| സംഖ്യാ ബോധം (1-1000 സംഖ്യകൾ എണ്ണുന്നു എഴുതുന്നു) | ക്രമത്തിൽ ആക്കാം | ✐ വ്യത്യസ്ത സംഖ്യകൾ നൽകുന്നു. ആരോഹണ ക്രമം അവരോഹണ ക്രമം എഴുതാം<br>✐ കുട്ടികൾക്ക് മുന്നിൽ ചെയ്യാൻ അവസരം ഒരുക്കുന്നു | ജൂലൈ - ആഗസ്റ്റ് |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു | സംഖ്യ ചക്രം | ✐ സംഖ്യ ചക്രം കറക്കി രണ്ട് സംഖ്യകൾ തെരഞ്ഞെടുക്കുന്നു<br>✐ അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം | ആഗസ്റ്റ് - സെപ്റ്റംബർ |
| | ജോഡി കണ്ടെത്താം | ✐ വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു | |
| പരിസ്ഥിതി സൗഹൃദം മനോഭാവം വളർത്തിയെടുക്കുക | പ്രകൃതി നടത്തം | ✐ ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>✐ പ്രത്യേകതകൾ മനസ്സിലാക്കാം<br>✐ വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം | ജൂൺ - ഒക്ടോബർ |
| | ദാഹജലം | ✐ വേനൽക്കാലത്ത് കിളികൾക്ക് പൂന്തോട്ടത്തിൽ ദാഹജലം ഒരുക്കാം | |

| | | | |
|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ താൽപര്യം വളർത്തിയെടുക്കാം | ഫീൽഡ് ട്രിപ്പ് | നമ്മുടെ നാടിനെ കൂടുതൽ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു (വയൽ) | ഒക്ടോബർ - നവംബർ |
| | പരീക്ഷണങ്ങൾ | ശാസ്ത്ര കൗതുകം വളർത്തിയെടുക്കുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | |
| Make simple riddles | Riddles | Give children the opportunity to hear and answer simple riddles<br>make simple riddles | September - October |
| Identify rhyming words in the poem | Rhyming words | Play the audio of the song<br>Let the learner sing after the video<br>Discussion | June - September |

| LP ARABIC | | |
|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| ◆അറബിക് ഭാഷ പരിജ്ഞാനം വർദ്ധിക്കുന്നതിന്, | ◆നമുക്ക് പരിചിതമായ മൂന്ന് പദങ്ങൾ വീതം ദിവസവും പരിചയപ്പെടുത്തുന്നു. മാസാവസാനം എക്സാം നടത്തി വിജയിയെ കണ്ടെത്തി സമ്മാനം നൽകുന്നു.<br>◆ അറബി ഭാഷയിൽ അസംബ്ലി അവതരണം നടത്തുന്നു. പദ്യവായന, ക്വിസ് മത്സരം എന്നിവ അതിൽ ഉൾപ്പെടുത്തുന്നു.<br>◆ അറബി ഭാഷാ ദിനത്തോടനുബന്ധിച്ച് വിവിധ പ്രവർത്തനങ്ങൾ നൽകുന്നു.<br>◆ വിവിധ കലാ മത്സരങ്ങൾ ഉൾപ്പെടുത്തുന്നു | ജൂൺ മുതൽ ഒക്ടോബർ വരെ |
| ◆അക്ഷരസ്ഫുടതയോടെയും വ്യക്തതയോടെയും ഉള്ള വായന | ◆ വിവിധ ഗ്രൂപ്പുകൾ ആക്കി തിരിച്ച് വായന കാർഡുകൾ വിതരണം ചെയ്യുന്നു. ഗ്രൂപ്പിലെ ഓരോ അംഗവും വായിക്കുന്നതിനനുസരിച്ച് ഗ്രൂപ്പിന് മാർക്ക് നൽകുന്നു. വായനയ്ക്ക് പിന്തുണ ആവശ്യമുള്ളവരെ മറ്റുള്ളവർ സഹായിക്കുന്നു. കൂടാതെ അധ്യാപകരുടെ പിന്തുണയും നൽകുന്നു.<br>◆ വ്യക്തിഗതമായി വിദ്യാർത്ഥികളെ കൊണ്ട് വായിപ്പിക്കുന്നു. | നവംബർ മുതൽ മാർച്ച് വരെ |

| UP മലയാളം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ✐ ചിത്രവായന<br>✐ പുസ്തകവായന മെച്ചപ്പെടുത്തുക | • ചിത്ര ചാർട്ടുകൾ/ ഇത്ര കഥകൾ അടങ്ങിയ പുസ്തകങ്ങൾ നൽകി ഭാഷണത്തിനും വായനയ്ക്കും അവസരം നൽകുന്നു.<br>• ക്ലാസ് വായനമൂല തയ്യാറാക്കുന്നു | ജൂലൈ - ഒക്ടോബർ | ക്ലാസ് അധ്യാപിക<br>മലയാളം അധ്യാപിക<br>ക്ലാസ് തലം |
| ✐ നാട്ടറിവ് ശേഖരണം | • പഴഞ്ചൊല്ലുകൾ/ ശൈലികൾ ഇവയുടെ ശേഖരണം തയ്യാറാക്കുന്നു<br>• നാടൻ പദപ്രയോഗങ്ങൾ കണ്ടെത്തുന്നു | നവംബർ<br>ഡിസംബർ | മലയാളം അധ്യാപിക<br>ക്ലാസ്തലം |
| ✐ സർഗാത്മക പ്രവർത്തനങ്ങൾ നടത്തുന്നതിന് കുട്ടികൾക്ക് അവസരം നൽകുക | • ക്ലാസ് തലത്തിൽ മാഗസിൻ നിർമ്മാണം<br>• സർഗവേളയിൽ കവിത/പ്രസംഗം/ നാടൻ പാട്ട് ഇവ അവതരിപ്പിക്കാൻ അവസരം നൽകുന്നു | ജനുവരി<br>ഫെബ്രുവരി | മലയാളം അധ്യാപിക<br>ക്ലാസ്തലം<br>സർഗവേദി |

| UP English | | | |
|---|---|---|---|
| Aim | Activity | Duration | Duty |
| The students are able to read aloud texts with appropriate level of pace with the expressions. | *Find out the level of learning of students.<br>*To make activity package to give need and support | June<br>July<br>August | English club<br>Teacher<br>Students |
| The students will be able to listen and write descriptions and reads and constructs interactive questions and answers | *Develops language games/ read stories and poems<br>*Story writing | September<br>October<br>November | English Teacher<br>Students |
| The learners will be able to recognise one's potential and encourage others through effective English communication | *To construct dialogues having four or five exchanges<br>*Reads and writes simple discussion and collaborate reading<br>*Making posters | December<br>January<br>February | English Teacher<br>Students |

| UP ഹിന്ദി | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| 5, 6, 7 ക്ലാസുകളിൽ അക്ഷരബോധം ഉറപ്പിക്കാൻ ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുന്നു. പഠിപ്പിച്ച് എടുക്കുന്നു. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കിക്കൊടുത്ത് പഠിപ്പിക്കുന്നു. ചിത്രങ്ങൾ,അക്ഷരമാല ചാർട്ട്,അക്ഷര രചന കാണിക്കൽ, ചിത്ര കാർഡുകൾ എന്നിവയുടെ പ്രദർശനം. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| ഹിന്ദി വായന തെറ്റുകൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം. | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കുന്നു. വായന കാർഡുകൾ നൽകി വായിക്കാനുള്ള അവസരം നൽകുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| നിത്യ ജീവിതവുമായി ബന്ധപ്പെട്ട കുറച്ച് വാക്കുകളും വാചകങ്ങളും പരിചയപ്പെടുത്തുന്നു | നിത്യജീവിതവും വിദ്യാലയവുമായി ബന്ധപ്പെട്ട വാക്കുകളുടെയും വാചകങ്ങളുടെയും വായന കാർഡുകൾ ചാർട്ട് എന്നിവ കുട്ടികളെ പരിചയപ്പെടുത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| ഹിന്ദി ഭാഷ പ്രയോഗം | നിത്യേന ഉപയോഗിക്കുന്ന ചെറിയ വാക്കുകൾ പ്രയോഗം നടത്തുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| ഹിന്ദി രചന | ചെറിയ വാചകങ്ങൾ ഉൾപ്പെടുത്തി കഥ കവിത സംഭാഷണം എന്നിവ എഴുതാനുള്ള അവസരം നൽകുന്നു. | ജനുവരി, ഫെബ്രുവരി | ഹിന്ദി അധ്യാപകർ |

## UP സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 5, 6, 7 ക്ലാസുകളിലെ എല്ലാ സംസ്കൃതം വിദ്യാർത്ഥികളും അസംബ്ലിയിൽ ഓരോ കാര്യപരിപാടികൾ അവതരിപ്പിക്കൽ | പ്രവർത്തനങ്ങൾ<br>കഥ, കവിത, സംഭാഷണം, ഗാനാലാപനം, വായന തുടങ്ങിയ വിവിധ കലാപരിപാടികൾ ആഴ്ചയിൽ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ഒരു വർഷം | സംസ്കൃതം ക്ലബ്ബ് , സംസ്കൃതം അധ്യാപിക |
| ലൈബ്രറി വിപുലീകരണം | സംസ്കൃതഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് വായിക്കുവാൻ ഉതകുന്ന പുസ്തകങ്ങൾ കണ്ടെത്തി ലൈബ്രറിയിലേക്ക് ചേർക്കുന്നു. | ജൂൺ<br>ജൂലായ്<br>ഓഗസ്റ്റ് | സംസ്കൃതം അധ്യാപിക, സംസ്കൃതം വിദ്യാർത്ഥികൾ |
| സംസ്കൃത സംഭാഷണം | നിത്യജീവിതത്തിൽ പ്രയോഗിക്കാവുന്ന സംസ്കൃത വാക്യങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | ഒരു വർഷം | സംസ്കൃതം അധ്യാപിക |

| UP ഗണിതം | | |
|---|---|---|
| പ്രവർത്തനം | വിശദീകരണം | കാലയളവ് |
| • ചതുരം എന്ന ആശയം വ്യക്തമാക്കുന്നു സെറ്റ് സ്ക്വയർ,സ്കെയിൽ എന്നിവ ഉപയോഗിച്ച് വരയ്ക്കുന്നു<br>• വൃത്തം എന്ന ആശയം കോമ്പസ് ഉപയോഗിച്ച് വരയ്ക്കുന്നു | • വിവിധതരം ചതുരങ്ങൾ സെറ്റ് സ്ക്വയർ ഉപയോഗിച്ച് വരയ്ക്കാൻ പഠിപ്പിക്കുന്നു<br>• വിവിധ ആരങ്ങൾ നൽകി വൃത്തം വരപ്പിക്കുന്നു<br>• വൃത്തത്തിനുള്ളിലെ പാറ്റേണുകൾ പരിചയപ്പെടുത്തുന്നു | ജൂൺ |
| • ലക്ഷം മുതൽ കോടി വരെയുള്ള സംഖ്യകളെ പരിചയപ്പെടുത്തുന്നു | • സംഖ്യാ പോക്കറ്റിൽ നിന്നും സംഖ്യകൾ നിർമ്മിക്കുന്നു വായിപ്പിക്കുന്നു<br>• അക്ഷരത്തിലും എഴുതിപ്പിക്കുന്നു<br>• സംഖ്യകളെ ആരോഹണ ക്രമത്തിലും അവരോഹണ ക്രമത്തിലും എഴുതുന്നു | ജൂലൈ<br>ആഗസ്റ്റ് |
| • ചതുരഗുണനം പരിചയപ്പെടുത്തുന്നു സമചതുര സംഖ്യകൾ പരിചയപ്പെടുത്തുന്നു | • വിവിധ രീതികളിൽ ഗുണിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തുന്നു<br>• മനക്കണക്കായി ഉത്തരം കണ്ടെത്താൻ സഹായിക്കുന്നു | സെപ്റ്റംബർ<br>ഒക്ടോബർ |

| UP സയൻസ് | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| സസ്യ ലോകത്തെ അടുത്തറിയൽ<br>സസ്യ ലോകത്തെ വൈവിധ്യം<br>സസ്യ സംരക്ഷണത്തിന്റെ പ്രാധാന്യം | •ചുവന്ന ചീരയിൽ പ്രകാശസംശ്ലേഷണം നടക്കുമോ എന്ന് പരീക്ഷണം നടത്തി കണ്ടെത്തുന്നു<br>•പട്ടിക തയ്യാറാക്കൽ കുട്ടികൾ നിഗമനങ്ങൾ രേഖപ്പെടുത്തുന്നു<br>•പോസ്റ്റർ നിർമ്മാണം | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് | സയൻസ് അധ്യാപിക<br>സയൻസ് ക്ലബ്ബ് |
| ലഘുപരീക്ഷണങ്ങൾ പരിചയപ്പെടുത്തൽ | •ജലത്തിൽ ലയിക്കുന്നവയും ലയിക്കാത്തവയും പരീക്ഷണം ചെയ്ത് കണ്ടെത്തുന്നു<br>•ജലത്തിൽ മുങ്ങുകയും പൊങ്ങുന്നവയും കണ്ടെത്തുന്നു<br>•ലായനി ലായകം നിർവചിക്കാൻ കഴിയുന്നു | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | ക്ലാസ്സ് തലം<br>സയൻസ് അധ്യാപിക<br>സയൻസ് ക്ലബ്ബ് |
| സയൻസ് ലാബ് സന്ദർശനം | •ലാബിലെ വസ്തുക്കൾ പരിചയപ്പെടാൻ അവയുടെ ഉപയോഗം ആവശ്യകത മനസ്സിലാക്കൽ ശാസ്ത്രിയങ്ങളുടെ പ്രയോഗ സാധ്യത ഉറപ്പുവരുത്തുന്നു | ജൂലൈ<br>നവംബർ<br>ഫെബ്രുവരി | സയൻസ് അധ്യാപിക |
| സയൻസ് ലാബ് സന്ദർശനം | •ലാബിലെ വസ്തുക്കൾ പരിചയപ്പെടാൻ അവയുടെ ഉപയോഗം ആവശ്യകത മനസ്സിലാക്കൽ ശാസ്ത്രിയങ്ങളുടെ പ്രയോഗ സാധ്യത ഉറപ്പുവരുത്തുന്നു | ജൂലൈ<br>നവംബർ<br>ഫെബ്രുവരി | സയൻസ് അധ്യാപിക |

| UP - സാമൂഹ്യശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ✎ ഭൂപട വായന | •ഐസിടിയുടെ സഹായത്തോടെ ഭൂപട വായനയ്ക്ക് സഹായകമായ പ്രതീകങ്ങൾ പരിചയപ്പെടുത്തുന്നു തുടർന്ന് ജില്ലകൾ സംസ്ഥാനങ്ങൾ നദികൾ തുടങ്ങിയവ കണ്ടെത്തി അവയെ രേഖപ്പെടുത്തുന്നു | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപിക |
| ✎ ചരിത്രപരമായ സ്ഥലങ്ങൾ സന്ദർശിക്കൽ | • പ്രാദേശിക ചരിത്രരചന, സ്കൂൾ ചരിത്ര വായന, ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപിക, പിടിഎ |
| ✎ സാമൂഹ്യശാസ്ത്ര ലാബ് രൂപീകരണം | • സാമൂഹ്യശാസ്ത്ര ക്ലബ് വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ ചരിത്ര അവശേഷിപ്പുകൾ കണ്ടെത്തുന്നു, കൂടാതെ ഗ്ലാസ് ശേഖരണം,മാപ്പ്, ഗ്ലോബ് എന്നിവ ലാബിൽ ക്രമീകരിക്കുന്നു | ആഗസ്റ്റ് | സോഷ്യൽ സയൻസ് ക്ലബ് വിദ്യാർത്ഥികൾ |